## പെരുങ്കടവിള ഗ്രാമപഞ്ചായത്ത്

# പൗരാവകാശ രേഖ

15-7-2011

(3-1-2010 മുതൽ പ്രാബല്യത്തിലുള്ളത്)

# ഗ്രാമപഞ്ചായത്ത് ഭരണസമിതി

| | |
|---|---|
| ശ്രീമതി. ബി. ശ്രീലത | പ്രസിഡന്റ് |
| ശ്രീ. എ. നാഗചന്ദ്രൻനായർ | വൈസ് പ്രസിഡന്റ് |
| ശ്രീ. സി. മോഹനകുമാർ | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ |
| ശ്രീ. എ. കൃഷ്ണപിള്ള | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാ |
| ശ്രീ. പി. വേലായുധൻപിള്ള | മെമ്പർ |
| ശ്രീമതി. ജി. വത്സലകുമാരി | മെമ്പർ |
| ശ്രീ. എം. ബോസ് | മെമ്പർ |
| ശ്രീമതി. കെ. ദീപാരമേശ് | മെമ്പർ |
| ശ്രീ. എൻ. എസ്. ജയൻ | മെമ്പർ |
| ശ്രീ. ബി. ചന്ദ്രശേഖരൻനായർ | മെമ്പർ |
| ശ്രീമതി. ഐ. ആർ. സുനിത | മെമ്പർ |
| ശ്രീ. കെ. സുധാകരൻ | മെമ്പർ |
| ശ്രീമതി. എൽ. വിജയകുമാരി | മെമ്പർ |
| ശ്രീ. ഹിൽക്ക്രാജ്. ആർ. എ | സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി |

# ആമുഖം

കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 272 (എ) യിലെ വ്യവസ്ഥ അനുസരിച്ച് സംസ്ഥാന സർക്കാർ നിർദ്ദേശ പ്രകാരം പൗരാവകാശ രേഖ തയ്യാറാക്കുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ള ചട്ടങ്ങൾ അനുസരിച്ച് പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും അത്തരം സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും ഈ സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധിയെന്തായിരിക്കണമെന്നും തീരുമാനിച്ച് പെരുങ്കടവിള ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നു. പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ എല്ലാ വ്യക്തികളും ഈ പൗരാവകാശ രേഖ പ്രയോജനപ്പെടുത്തി പഞ്ചായത്തിൽ നിന്നും, പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

| | |
|---|---|
| **ബി. ശ്രീലത** | **ഹിൽക്ക്‌രാജ്. ആർ. എ** |
| പ്രസിഡന്റ് | സെക്രട്ടറി |

# പെരുങ്കടവിള ഗ്രാമപഞ്ചായത്ത് - പൗരാവകാശരേഖ

## പെരുങ്കടവിള ഗ്രാമപഞ്ചായത്ത് സേവനം ലഭ്യമാക്കുന്ന ഓഫീസ്/ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ അപേക്ഷ 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിച്ച് നികുതി കുടിശ്ശികയുണ്ടെങ്കിൽ അടച്ച് തീർത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഫ്രണ്ട് ഓഫീസ് മുഖേന സമർപ്പിക്കുക ( എല്ലാ പ്രവർത്തി ദിവസങ്ങളിലും) | അന്നേദിവസം അന്വേഷണം ആവശ്യമുള്ളവർക്ക് 3 ദിവസം | ഇല്ല |
| 2 | താമസക്കാരനാണെന്നു കാണിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ കെട്ടിടനമ്പർ രേഖപ്പെടുത്തിക്കൊണ്ടുള്ള സെക്രട്ടറിയുടെ പേരിലുള്ള അപേക്ഷ 5 രൂപയുടെ കോർട്ടു ഫീസ് സ്റ്റാമ്പ് പതിച്ച്, ഫ്രണ്ട് ആഫീസിൽ സമർപ്പിക്കണം (എല്ലാ പ്രവൃത്തി ദിവസങ്ങളിലും) | അന്നേദിവസം അന്വേഷണം ആവശ്യമുള്ളവർക്ക് 3 ദിവസം | ഇല്ല |
| 3 | പെർമിറ്റ് | നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ പെർമിറ്റ് അപേക്ഷ പൂരിപ്പിച്ച് 5 രൂപയുടെ കോർട്ടു ഫീസ് സ്റ്റാമ്പ് പതിച്ച് വസ്തുവിന്റെ കരം തീർത്ത രസീത്, ആധാരത്തിന്റെ പകർപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റ് സഹിതം ഫ്രണ്ട് ആഫീസിൽ സമർപ്പിക്കണം (നിർമ്മാണം പൊതുറോഡിന്റെ വശങ്ങളിൽ വസ്തുവിന്റെ അതിരിൽ നിന്നും 3 മീറ്റർ ഉള്ളിലേക്കു മാറിയായിരിക്കണം പ്ലാൻ 3 കോപ്പി ലൈസൻസുള്ള ഡിസൈനർ ഒപ്പ് വയ്ക്കണം (എല്ലാപ്രവൃത്തി ദിവസങ്ങളിലും) | 15 ദിവസത്തിനകം | പ്ലിന്ത് ഏര്യ അനുസരിച്ച് |
| 4 | വാസയോഗ്യമായ വീടില്ല എന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | അപേക്ഷകന്റെയും കുടുംബത്തിന്റെയും പേരും വീട്ടുനമ്പരും വീട്ടുപേരും രേഖപ്പെടുത്തി വെള്ളക്കടലാസിലെഴുതിയ അപേക്ഷ 5 രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഫ്രണ്ട് ആഫീസ് മുഖേന സമർപ്പിക്കണം. ( എല്ലാ പ്രവർത്തി ദിവസങ്ങളിലും) | 7 ദിവസം | ഇല്ല |
| 5 | പുതിയ കെട്ടിടങ്ങൾക്ക് നമ്പരിടൽ | നിശ്ചിത അപേക്ഷാ ഫോറത്തിൽ അടുത്ത വീട്ടുനമ്പർ രേഖപ്പെടുത്തണം 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പു പതിക്കണം, കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ അസൽ രേഖ, പ്രമാണത്തിന്റെ പകർപ്പ് ലഭിച്ചിട്ടുള്ള പെർമിറ്റിന്റെ കോപ്പി അംഗീകൃത പ്ലാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഫ്രണ്ട് ആഫീസ് മുഖേന സമർപ്പിക്കണം കരം തീർത്ത രസീത് കൈവശാവകാശ സർട്ടിഫിക്കറ്റ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവയോടുകൂടി | 15 ദിവസം | കെട്ടിട നികുതി ഏര്യ അനുസരിച്ച് |
| 6 | കെട്ടിട ഉടമസ്ഥാവകാശം മാറ്റൽ | നിശ്ചിത ഫോറത്തിൽ എഴുതിയ അപേക്ഷയിൽ 5രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിക്കണം അസൽ ആധാരം രജിസ്റ്റർ ഓഫീസിൽ നിന്ന് ലഭിച്ച പോക്കു വരവ് കൈവശാവകാശ സർട്ടിഫിക്കറ്റ് രണ്ടാം കക്ഷിയുടെ സമ്മതപത്രം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഫ്രണ്ട് ഓഫീസ് മുഖേന | 7 ദിവസം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കേണ്ട സമയപരിധി | |
|---|---|---|---|---|
| 7 | കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിച്ച് കെട്ടിടനമ്പർ, വാർഡ് നമ്പർ എന്നിവകാണിച്ച് ഫ്രണ്ട് ഓഫീസ് മുഖേന (പ്ലാ, പേപ്പർ സഹിതം) സെക്രട്ടറിക്ക് സമർപ്പിക്കണം | 7 ദിവസം | ഇല്ല |
| 8 | കെട്ടിടനികുതി ഒഴിവാക്കൽ | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിച്ച് കെട്ടിടനികുതു തീർത്തടച്ച് സെക്രട്ടറിക്ക് സമർപ്പിക്കണം | 30 ദിവസം | ഇല്ല |
| 9 | റിവിഷൻ ഹർജി | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിച്ച് ഫ്രണ്ട് ഓഫീസ് മുഖേന സെക്രട്ടറിക്ക് സമർപ്പിക്കണം (പ്ലാ, പേപ്പർ സഹിതം) | 15 ദിവസം | ഇല്ല |
| 10 | കെട്ടിടനികുതി അസസ്സ്മെന്റ് രജിസ്റ്ററിന്റെ ശരിപകർപ്പ് | വെള്ളക്കടലാസിലെഴുതിയ അപേക്ഷ 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിച്ച് ആവശ്യമായ ഫീസടച്ച് സെക്രട്ടറിക്ക് സമർപ്പിക്കണം<br>നടപ്പുപഞ്ചവാർഷികം<br>രണ്ട് പഞ്ചവാർഷികം<br>രണ്ടിൽ കൂടുതൽ | 5 ദിവസം<br>7 ദിവസം<br>15 ദിവസം | നിശ്ചിത നിരക്കിൽ |
| 11 | നികുതി ചുമത്തിയതിനെതിരെയുള്ള അപ്പീൽ | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ (ചുമത്തിയ കരടേച്ച്) ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസ് മുഖേന സെക്രട്ടറിക്ക് സമർപ്പിക്കണം | 30 ദിവസം | ഇല്ല |
| 12 | വ്യാപാരസ്ഥാപനങ്ങൾക്കുള്ള ലൈസൻസ് | നിശ്ചിതഫോറത്തിലുള്ള അപേക്ഷ, സ്ഥാപനത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖസഹിതം 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിച്ച്, ഭക്ഷ്യസാധനങ്ങളാണ് ശേഖരിക്കുന്നതെങ്കിൽ പി. എഫ്. എ. ആക്ട് പ്രകാരമുള്ള പ്രത്യേക ലൈസൻസിനുള്ള അപേക്ഷ സഹിതം 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിച്ച് സ്ഥാപനം ആരംഭിക്കുന്നതിന് 30 ദിവസങ്ങൾക്കുമുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകണം കൂടാതെ സ്ഥാപനത്തിന്റെ പേരും സ്ഥലനാമവും ഉൾപ്പെടുത്തി ബോഡ് സമർപ്പിക്കണം പി. എഫ്. എ. ആക്ട് 3 ഫോട്ടോ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം | 10 ദിവസം | നിശ്ചിത നിരക്ക് |
| 13 | വ്യാപാരസ്ഥാപനങ്ങൾക്കുള്ള ലൈസൻസ് | നിശ്ചിതഫോറത്തിലുള്ള അപേക്ഷ സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ,സ്ഥാപനത്തിന്റെ ഉടമസ്ഥത തെളിയിക്കുന്നതിനുള്ള രേഖ, സ്ഥലത്തിന്റെയും, കെട്ടിടത്തിന്റെയും, അംഗീകൃത ഡ്രാഫ്റ്റ്സ്മാൻ തയ്യാറാക്കിയിട്ടുള്ള പ്ലാൻ ഗ്രീൻചാനൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ രണ്ട് കോപ്പികൾ വീതം അല്ലെങ്കിൽ 5 കോപ്പികൾ വീതം 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിച്ച് 100 മീറ്റർ ചുറ്റളവിലുള്ള താമസക്കാരിൽ നിന്നുള്ള നോഒബ്ജക്ഷൻ സർട്ടിഫിക്കറ്റുകൾ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം പൊലൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ലഭിച്ചിട്ടുള്ള NOC ഹാജരാക്കണം | 30 ദിവസം | നിശ്ചിത നിരക്കിൽ |
| 14 | ചെറുകിട വ്യാപാരങ്ങൾ ലൈസൻസിന് വിധേയമല്ല എന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷയിൽ വ്യാപാരത്തിന്റെ വിശദ വിവരം രേഖപ്പെടുത്തി 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 7 ദിവസം | ഇല്ല |
| 15 | പട്ടികൾക്കും, പന്നികൾക്കും ഉള്ള ലൈസൻസ് | നിശ്ചിതഫോറത്തിലുള്ള ഉടമസ്ഥന്റെ അപേക്ഷ 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിപ്പിച്ച് പ്രതിരോധ കുത്തിവയ്പ് നടത്തിയതിന് വെറ്ററിനറി സർജൻ നൽകിയ സർട്ടിഫിക്കറ്റ് സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം | 15 ദിവസം | 10 രൂപ |

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 16 | സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുമുള്ള രജിസ്ട്രേഷൻ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിച്ച് സ്ഥാപനം നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 10 ദിവസം | 200 രൂപ |
| 17 | സ്വകാര്യ ആശുപത്രികളുടെയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കൽ | നിശ്ചിതഫോറത്തിലുള്ള അപേക്ഷ സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖസഹിതം 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിച്ച് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം | 15 ദിവസം | 50 രൂപ |
| 18 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | നിശ്ചിതഫോറത്തിലുള്ള അപേക്ഷ സ്ഥാപനത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖസഹിതം 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിച്ച് സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസങ്ങൾക്ക് മുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 10 ദിവസം | 200രൂപ |
| 19 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കൽ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സ്ഥാപനത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ സഹിതം 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിച്ച് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 15 ദിവസം | 50 രൂപ |
| 20 | റിക്കാർഡുകളുടെയും രജിസ്റ്ററുകളുടെയും പകർപ്പ് | വെള്ളക്കടലാസിൽ എഴുതിയ നിശ്ചിതമാതൃകയിലുള്ള അപേക്ഷ ആവശ്യക്കാരന്റെ പേരും പൂർണ്ണമേൽവിലാസവും രേഖപ്പെടുത്തി ആവശ്യപ്പെടുന്ന റിക്കാഡിന്റെ ശരിയായ വിവരങ്ങൾ രേഖപ്പെടുത്തി 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 10 ദിവസം | നിശ്ചിത നിരക്കിൽ |
| 21 | ജനനം, മരണം നിശ്ചലജനനം രജിസ്റ്റർ ചെയ്യലും 12-ാം വകുപ്പ് പ്രകാരം സർട്ടിഫിക്കറ്റ് നൽകലും. | വീട്ടിൽ വച്ചു നടക്കുന്ന ജനന- മരണങ്ങളുടെ കാര്യത്തിൽ സംഭവസമയത്ത് വീട്ടിൽ (താമസമുള്ളതായാലും അല്ലെങ്കിലും) ഹാജരുള്ള മുതിർന്ന (18 വയസ്സ് പൂർത്തിയായ) കുടുംബാംഗം 21 ദിവസങ്ങൾക്കകം ലോക്കൽ രജിസ്ട്രാർക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) നിശ്ചിതഫോറത്തിൽ റിപ്പോർട്ട് സമർപ്പിക്കണം. ആശുപത്രിയിൽ വച്ച് നടക്കുന്ന സംഭവങ്ങൾ ആശുപത്രി അധികൃതരും മറ്റു സ്ഥലങ്ങളാണെങ്കിൽ അവയുടെ ഉടമകളും ഇപ്രകാരം ചെയ്യേണ്ടതാണ്. | 7 ദിവസം | ഇല്ല |
| 22 | അറിയിക്കാൻ താമസിക്കുന്ന ജനന-മരണങ്ങളുടെ രജിസ്ട്രേഷൻ | നിശ്ചിത സമയപരിധിക്കകം റിപ്പോർട്ട് ചെയ്യാത്ത സംഭവങ്ങൾ (എ) 30 ദിവസം വരെ ലോക്കൽ രജിസ്ട്രാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി) പ്രത്യേക അനുമതിയോടെ(12-ാം വകുപ്പ് പ്രകാരം സർട്ടിഫിക്കറ്റിന് അർഹതയില്ല.) 30 ദിവസം കഴിഞ്ഞാൽ ആർ. ഡി. ഒ യുടെ ഉത്തരവിൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിക്കണം | 15 ദിവസം | 2 രൂപ |

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | | സേവനം ലഭ്യമാക്കുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|---|
| 23 | ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ 14-ാം വകുപ്പ് പ്രകാരം കുട്ടിയുടെ പേര് ചേർക്കൽ | നിശ്ചിതഫോറത്തിലുള്ള അപേക്ഷ കുട്ടിയുടെ അച്ഛനും, അമ്മയും കൂട്ടായി ഒപ്പിട്ട് ലോക്കൽ രജിസ്ട്രാർക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) സമർപ്പിക്കണം 5 രൂ. കോർട്ടുഫീസ് സ്റ്റാമ്പ് പതിക്കണം) | (എ) രജിസ്റ്റർ ചെയ്ത തിയതി മുതൽ 12 മാസം വരെ<br>(ബി) 12 മാസത്തിനു മുകളിൽ | 5 ദിവസം<br>5 ദിവസം | ഇല്ല<br>5. ക |
| 24 | കുട്ടിയുടെ പേര് ചേർക്കുന്നതിനുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റ് | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിച്ച് ലോക്കൽ രജിസ്ട്രാർക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) സമർപ്പിക്കണം (ഡിസ്ചാർജ്ജ് കാർഡ്, റേഷൻകാർഡ്, പഠിക്കുന്ന സ്ഥാപനത്തിലെ സർട്ടിഫിക്കറ്റ് എന്നിവയുടെ കോപ്പി സഹിതം) | | 5 ദിവസം | ഇല്ല |
| 25 | ജനന- മരണം രജിസ്റ്റർ ചെയ്തിട്ടില്ലാ എന്നു കാണിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ 5 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിച്ച് ലോക്കൽ രജിസ്ട്രാർക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) സമർപ്പിക്കണം | | 5 ദിവസം | നിശ്ചിത നിരക്കിൽ |
| 26 | ജനന- മരണ രജിസ്റ്ററിൽ തിരുത്തൽ വരുത്തൽ | വെള്ളക്കടലാസിൽ തിരുത്തൽ ആവശ്യപ്പെടുന്നതിന്റെ വിശദവിവരം രേഖപ്പെടുത്തിയ അപേക്ഷ 2 ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം 5 രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച അപേക്ഷ ലോക്കൽ രജിസ്ട്രാർക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക്) സമർപ്പിക്കണം. | | 15 ദിവസം | ഇല്ല |
| 27 | വിദേശത്തു നടന്ന ജനന- മരണങ്ങളുടെ രജിസ്ട്രേഷനും സർട്ടിഫിക്കറ്റ് നൽകലും | നിശ്ചിത ഫോറത്തിലുള്ള റിപ്പോർട്ട്, വിദേശത്ത് തുടർന്ന് താമസിക്കാൻ ഉദ്ദേശിക്കുന്നില്ല എന്ന മാതാപിതാക്കളുടെ സത്യപ്രസ്താവന, ഇത് സംബന്ധിച്ചുള്ള ഇൻഡ്യൻ കോൺസിലേറ്റിന്റെ തെളിവ് എന്നിവ സഹിതം ഇന്ത്യയിൽ താമസം ആരംഭിച്ച് 60 ദിവസത്തിനുള്ളിൽ ലോക്കൽ രജിസ്ട്രാർക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) സമർപ്പിക്കണം | | 10 ദിവസം | ഇല്ല |
| 28 | വിവാഹ രജിസ്ട്രേഷൻ | പഞ്ചായത്തതിർത്തിയിൽ നടന്ന വിവാഹങ്ങൾ വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിവാഹതിയതി മുതൽ 15 ദിവസത്തിനുള്ളിൽ വധൂവരന്മാർ 2 സാക്ഷികൾ സഹിതം പഞ്ചായത്താഫീസിൽ നേരിട്ട് ഹാജരായി നിശ്ചിത ഫാറത്തിൽ റിപ്പോർട്ടും സെക്രട്ടറിക്ക് (വിവാഹരജിസ്ട്രാർ) സമർപ്പിക്കണം (2 പേരുടേയും സ്കൂൾ സർട്ടിഫിക്കറ്റ് കല്യാണകുറി 3 ഫോട്ടോ വീതം റേഷൻകാർഡിന്റെ കോപ്പി എന്നിവ കൂടി സമർപ്പിക്കണം | | തത്സമയം | 250 രൂപ |

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 29 | വിവാഹ സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ വധൂവരന്മാരുടെ പേര്, മേൽവിലാസം. വിവാഹ തിയതി രജിസ്റ്റർ ചെയ്ത തിയതി എന്നിവ രേഖപ്പെടുത്തി 5 രൂപയുടെ കോർട്ട്ഫീസ് സ്റ്റാമ്പ് പതിച്ച് വിവാഹരജിസ്ട്രാർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിക്കണം | 5 ദിവസം | 10 |
| 30 | അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിൽ മുൻകരുതൽ നടപടി (വകുപ്പ് 238) | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ അപകടമായി സ്ഥിതി ചെയ്യുന്ന വൃക്ഷങ്ങളുടെ വിവരണം, സ്ഥലത്തിന്റെ സർവ്വേ നമ്പർ, ഉടമയുടെ പേരും, വിലാസവും എന്നിവ രേഖപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 15 ദിവസം | ഇല്ല |

## പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സഹായപദ്ധതിക്ക് അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം 250 രൂപ) | അഗതികളായ 65 വയസ് പൂർത്തിയായവർ, കുടുംബവാർഷിക വരുമാനം 11000 രൂപയിൽ കവിയരുത്. അപേക്ഷിക്കുന്നതിന്റെ തൊട്ട് മുമ്പ് 3 വർഷം എങ്കിലും കേരളത്തിൽ സ്ഥിരതാമസം ഉള്ളവരായിരിക്കണം. 20 വയസ്സിന് മുകളിൽ പ്രായമുള്ള ആൺമക്കളുടെ സംരക്ഷണം ഉണ്ടായിരിക്കരുത്. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി, വയസ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് റേഷൻ കാർഡിന്റെ പകർപ്പ്, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 30 ദിവസം | ഇല്ല |
| 2 | വിധവാ പെൻഷൻ (പ്രതിമാസം 200 രൂപ) | അഗതികളായ ഭർത്താവ് മരണപ്പെട്ടതും ഏഴ് വർഷത്തിനു മുകളിൽ ഭർത്താവുമായി അകന്നു ജീവിച്ചു വരുന്നവരുമായ പുനർവിവാഹം ചെയ്തിട്ടില്ലാത്ത വിധവകൾ കുടുംബവാർഷിക വരുമാനം 3600 രൂപയിൽ കൂടരുത്. അപേക്ഷിക്കുന്നതിന് മുമ്പ് രണ്ട് വർഷം കേരളത്തിൽ സ്ഥിരതാമസം ആയിരിക്കണം. നിശ്ചിതഫോറത്തിലുള്ള അപേക്ഷ രണ്ട് കോപ്പി പുനർവിവാഹം ചെയ്തിട്ടില്ല എന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം വിധവ/ വിവാഹ മോചിതയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് റേഷൻ കാർഡിന്റെ കോപ്പി സഹിതം പ്രവർത്തി ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 30 ദിവസം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 3 | വികലാംഗർ, അംഗവൈകല്യം സംഭവിച്ചവർ മന്ദബുദ്ധിയുള്ളവർ, എന്നിവർക്കുള്ള പ്രത്യേക പെൻഷൻ (പ്രതിമാസം 200 രൂപ) | അഗതികളായ ചെവികേൾക്കാത്തവർ, ഊമയായവർ അംഗവൈകല്യമുള്ളവർ കണ്ണ് കാണാത്തവർ കുടുംബവാർഷിക വരുമാനം 6000 രൂപയിലും, വ്യക്തിഗത വാർഷിക വരുമാനം 3000 രൂപയിലും കൂടരുത് തുടർച്ചയായി 2 വർഷം കേരളത്തിൽ താമസിച്ചിരിക്കണം. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി മെഡിക്കൽ ബോർഡിന്റെ വികലാംഗ സർട്ടിഫിക്കറ്റ് റേഷൻകാർഡിന്റെ പകർപ്പ് എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. മൈനറോ, മന്ദബുദ്ധിയോ ആണെങ്കിൽ, പെൻഷൻ നേരിട്ട് കൈപ്പറ്റി വാങ്ങാൻ കഴിയാത്ത ആളാണെങ്കിലും രക്ഷിതാവിന് തുകലഭിക്കാൻ രക്ഷിതാവിന്റെ പേരിൽ അപേക്ഷിക്കണം. | 30 ദിവസം | ഇല്ല |
| 4 | കർഷകതൊഴിലാളി പെൻഷൻ (പ്രതിമാസം 250 രൂപ) | അപേക്ഷ തിയതിക്ക് 60 വയസ്സ് പൂർത്തിയാവണം. കുടുംബവാർഷിക വരുമാനം 11000 രൂപയിൽ കവിയരുത്. അപേക്ഷിക്കുന്നതിന് തൊട്ടുമുമ്പ് 10 വർഷം കേരളത്തിൽ കർഷകതൊഴിലാളിയായി പണിയെടുത്തിരിക്കണം. 1974 ലെ കർഷകതൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരിക്കണം (പ്രാബല്യം 1-1-2002 മുതൽ) നിശ്ചിതഫോറത്തിലുള്ള അപേക്ഷ 2 കോപ്പി വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം പ്രവൃത്തി ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 30 ദിവസം | ഇല്ല |
| 5 | നിർദ്ധന വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം (10000 രൂപ) | മരണം മൂലം ഭർത്താവ് നഷ്ടപ്പെട്ടവർ, 7 വർഷത്തിൽ കൂടുതൽ ഭർത്താവിൽ നിന്ന് അകന്ന് ജീവിക്കുന്നവരും, പുനർവിവാഹം ചെയ്തിട്ടില്ലാത്തവരും, കുടുംബവാർഷിക വരുമാനം 10000 രൂപയിൽ കവിയരുത്. വിവാഹം ചെയ്ത് അയയ്ക്കുന്ന കുട്ടിക്ക് വിവാഹ ദിവസം 18 വയസ്സ് പൂർത്തിയായിരിക്കണം. പെൺകുട്ടിയുടെ പേരിൽ കുടുംബവീതമോ, ഇഷ്ടദാനമായി ലഭിച്ചതോ ആയ വസ്തു, ആഭരണം, ധനം ഇവ ഉൾപ്പെടെ 6000 രൂപ കവിയരുത് നിശ്ചിതഫോറത്തിലുള്ള അപേക്ഷ 2 കോപ്പി, വിവാഹം നിശ്ചയിച്ച തിയതിക്ക് 30 ദിവസത്തിന് മുമ്പേ സമർപ്പിക്കണം. കുടുംബവരുമാന സർട്ടിഫിക്കറ്റ്, പിതാവിന്റെ മരണ സർട്ടിഫിക്കറ്റ് മാതാവ് പുനർ വിവാഹം ചെയ്തിട്ടില്ലായെന്ന വില്ലേജാഫീസറുടെ സാക്ഷ്യപത്രം; വധൂവരന്മാരുടെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിവാഹം കഴിഞ്ഞു എങ്കിൽ വിവാഹ സർട്ടിഫിക്കറ്റ് കല്ല്യാണക്കുറി എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. | 30 ദിവസം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 6 | 50 വയസ്സ് തികഞ്ഞ അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ (പ്രതിമാസം 200 രൂപ) | അവിവാഹിതകളായ 50 വയസ് പൂർത്തിയായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾ വാർഷിക വരുമാനം 6000 ക.യിൽ കവിയാൻ പാടില്ല. മറ്റ് യാതൊരു പെൻഷനും ലഭിക്കുന്നില്ല എന്ന് ഉറപ്പുവരുത്തണം. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി, വരുമാന സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിവാഹിതയല്ല എന്ന് തെളിയിക്കുന്ന വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. പെൻഷൻ അനുവദിച്ചു കഴിഞ്ഞാൽ 2 വർഷത്തിലൊരിക്കൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. | 45 ദിവസം | ഇല്ല |
| 7 | തൊഴിലില്ലായ്മ വേതനം (പ്രതിമാസം 120 രൂപ) | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി 21 നും 35 നും ഇടയിൽ പ്രായമുള്ളവരും, പഞ്ചായത്തിൽ സ്ഥിരതാമസമുള്ളവരും, എസ്.എസ്.എൽ.സിയോ തത്തുല്യ പരീക്ഷയോ ജയിച്ചവരും (പട്ടികജാതി, പട്ടികവർഗ്ഗത്തിലുള്ള അപേക്ഷകർ പാസാകണമെന്നില്ല) വിദ്യാർത്ഥിയാവരുത്. വാർഷികവരുമാനം 12000 രൂപയിൽ കവിയരുത്. സ്വന്തവരുമാനം പ്രതിമാസം 100 രൂപയിൽ കൂടരുത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് യഥാസമയം പുതുക്കാത്തവർ വേതനത്തിന് അർഹരല്ല എസ്. എസ്. എൽ. സി. ബുക്കിന്റെ ആദ്യത്തെയും അവസാനത്തെയും പേജുകളുടെയും, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെയും ഫോട്ടോസ്റ്റാറ്റ് കോപ്പികളും ഒറിജിനലും അപേക്ഷയോടൊപ്പം ഹാജരാക്കണം. രജിസ്ട്രേഷൻ നെയ്യാറ്റിൻകര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ആയിരിക്കണം. അപേക്ഷ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. (എംപ്ലോയ്മെന്റിൽ രജിസ്റ്റർ ചെയ്ത് 3 വർഷം പൂർത്തിയായിരിക്കണം) | 30 ദിവസം | ഇല്ല |

## സേവനം ലഭ്യമാകുന്ന ഓഫീസ് / ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പെൻസറി, പെരുങ്കടവിള

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | ലഭിക്കുന്നതിനുള്ള സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | ഡോക്ടറുടെ സേവനം | രാവിലെ 8 മണി മുതൽ 1 മണി വരെ ചികിത്സാ സൗകര്യം ലഭിക്കുന്നു. | എല്ലാ ദിവസവും | ഇല്ല |
| 2 | മെഡിക്കൽ സർട്ടിഫിക്കറ്റ് | ആവശ്യക്കാരൻ ഡ്യൂട്ടി സമയത്ത് നേരിട്ട് ഹാജരാവുകയും അപേക്ഷ സമർപ്പിക്കുകയും വേണം (ആവശ്യമായ ഫോറം ഉൾപ്പെടെ) | തൽസമയം | 40 രൂപ |
| 3 | ലൈഫ് സർട്ടിഫിക്കറ്റ് | ആവശ്യക്കാരൻ പെൻഷൻ, പേമെന്റ് ഓഡർ സഹിതം നേരിട്ട് ഡ്യൂട്ടിസമയത്ത് മെഡിക്കൽ ഓഫീസറെ സമീപിക്കുകയും അപേക്ഷ സമർപ്പിക്കുകയും വേണം. | തൽസമയം | ഇല്ല |
| 4 | ഏജ് സർട്ടിഫിക്കറ്റ് | റേഷൻകാർഡ് അല്ലെങ്കിൽ തിരിച്ചറിയൽ കാർഡ് ഇവയിൽ ഏതെങ്കിലും ഒന്ന് സഹിതം ഡ്യൂട്ടി സമയത്ത് ആവശ്യമായ ഫോറം സഹിതം മെഡിക്കൽ ഓഫീസറെ സമീപിക്കണം | തൽസമയം | ഇല്ല |
| 5 | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ | ഒപ്പ് സാക്ഷ്യപ്പെടുത്താൻ ബോധ്യപ്പെടുത്തേണ്ട രേഖ സഹിതം മെഡിക്കൽ ഓഫീസറെ ഡ്യൂട്ടി സമയത്ത് സമീപിക്കുക. പകർപ്പ് സാക്ഷ്യപ്പെടുത്താൻ അസൽ സഹിതം ഡ്യൂട്ടി സമയത്ത് മെഡിക്കൽ ഓഫീസറെ സമീപിക്കുക (11.30 നും 1.30 നും ഇടയ്ക്ക്) | | |

## സേവനം ലഭ്യമാകുന്ന ഓഫീസ് / ഉദ്യോഗസ്ഥൻ - കൃഷിഓഫീസർ കൃഷിഭവൻ പെരുങ്കടവിള

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരങ്ങൾ | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | ലഭിക്കുന്നതിനുള്ള സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | വിളപരിപാലനവും സസ്യസംരക്ഷണവും | കൃഷിഭവനുമായി ബന്ധപ്പെടുക | 1 ദിവസം | ഇല്ല |
| 2 | മണ്ണ് പരിശോധന | നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ 500 ഗ്രാം ശാസ്ത്രീയമായി ശേഖരിച്ച മണ്ണ് സാമ്പിൾ | പരിശോധനശാലയിൽ നിന്ന് ഫലം ലഭ്യമാകുന്നമുറയ്ക്ക് | ഇല്ല |
| 3 | രാസവളം - കീടനാശിനി വില്പനനടത്തുന്നതിനുള്ള ലൈസൻസ് നൽകലും പുതുക്കലും | നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. | 7 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ടവർക്ക് അയയ്ക്കണം | രാസവളം 25 രൂപ കീടനാശിനി 300 രൂപ |
| 4 | കാർഷികവിള - ഇൻഷ്വറൻസ് | നിർദ്ദിഷ്ടഫോറത്തിൽ അപേക്ഷ നികുതി രസീത് | സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് | വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം തിട്ടപ്പെടുത്തിയിട്ടുള്ള നിശ്ചിത തുക |
| 5 | പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം | നിർദ്ദിഷ്ട ഫോറത്തിൽ 2 കോപ്പി അപേക്ഷ റേഷൻകാർഡും നികുതി രസീതും 10 ദിവസത്തിനകം അപേക്ഷിക്കണം. നഷ്ടം സംഭവിച്ച കൃഷിസ്ഥലം പരിശോധനയ്ക്ക് കാണിച്ച് തരേണ്ടതാണ്. | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരങ്ങൾ | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സമയപരിധി | അടയ്ക്കേണ്ട ഫീസ് |
|---|---|---|---|---|
| 6 | കൃഷിയാവശ്യത്തിന് പമ്പ്സെറ്റ് സ്ഥാപിച്ച് വൈദ്യുതകണക്ഷന് മുൻഗണന ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ അപേക്ഷയും പമ്പ്സെറ്റ് സ്ഥാപിച്ച സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റും | 6 പ്രവൃത്തി ദിവസം | ഇല്ല |
| 7 | ദേശീയ ബയോഗ്യാസ് വികസന പദ്ധതി | നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ, ചെറുകിട നാമ-മാത്ര കർഷകർ | പണിപൂർത്തിയായി പ്ലാന്റ് പ്രവർത്തിക്കുന്ന മുറയ്ക്ക് | ഇല്ല (സബ്സിഡി 2300 രൂപ) |
| 8 | നെൽ-കർഷകർക്ക് ഉൽപാദന ബോണസ് | നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ, ചെറുകിട നാമ-മാത്ര കർഷകർ | നെല്ല് കൊയ്യുന്ന മുറയ്ക്ക് | ഇല്ല (സബ്സിഡി ഹെ.കൃഷി ഇറക്കുന്നതിന് ഹെ.35(ബോണസ്) |
| 9 | അത്യുൽപാദനശേഷിയുള്ള നടീൽ വസ്തുക്കൾ, വിത്ത് | നിർദ്ദിഷ്ടഫോറത്തിൽ അപേക്ഷ | ഫാമിൽ നിന്ന് വരുന്നമുറയ്ക്ക് | ഡിപ്പാർട്ട്മെന്റ് നിശ്ചയിക്കുന്ന വില |
| 10 | കൃഷിയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം | നിർദ്ദിഷ്ടഫോറത്തിൽ അപേക്ഷ, തോട്ടവിള കർഷകർ | പണിപൂർത്തിയാകുന്ന മുറയ്ക്ക് | ഇല്ല (ചെലവിന്റെ 25% സബ്സിഡി) |

## പൗരാവകാശരേഖ സേവനം ലഭ്യമാകുന്ന ഓഫീസ് / ഉദ്യോഗസ്ഥൻ / പ്രാഥമികാരോഗ്യകേന്ദ്രം, പെരുങ്കടവിള

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരങ്ങൾ | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സമയപരിധി | അടയ്ക്കേണ്ട ഫീസ് |
|---|---|---|---|---|
| 1 | എല്ലാ ദിവസവും രാവിലെ 8 മണി മുതൽ 11.30 വരെയും വൈകുന്നേരം 3 മണി മുതൽ 6 മണി വരെയും രോഗികൾക്കായുള്ള ഔട്ട് പേഷ്യന്റ് സൗകര്യം | ഒ. പി. ടിക്കറ്റ് എടുക്കണം | എല്ലാ ദിവസവും | ഇല്ല |
| 2 | കിടത്തി ചികിത്സാ സൗകര്യം | " | " | " |
| 3 | എല്ലാ ദിവസവും വിവിധ ലബോറട്ടറി പരിശോധനകൾക്കുള്ള സൗകര്യം | " | " | " |
| 4 | എല്ലാബുധനാഴ്ചയും 11.30 മുതൽ 1 മണി വരെ ഗർഭിണികൾക്കും കുട്ടികൾക്കും ഉള്ള പരിശോധനയും പ്രതിരോധ കുത്തിവയ്പ്പും | " | " | " |
| 5 | എല്ലാ ബുധനാഴ്ചയും കുഷ്ഠരോഗ പരിശോധനയും ചികിത്സാ സൗകര്യവും | " | " | " |

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരങ്ങൾ | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സമയപരിധി | അടയ്ക്കേണ്ട ഫീസ് |
|---|---|---|---|---|
| 6 | തിങ്കൾ, ബുധൻ എന്നീ ദിവസങ്ങളിൽ കാഴ്ച പരിശോധിക്കാനുള്ള സൗകര്യം | ഒ. പി. ടിക്കറ്റ് എടുക്കണം | എല്ലാദിവസവും | ഇല്ല |
| 7 | എല്ലാ മാസവും 4-ാമത്തെ തിങ്കളാഴ്ച 10 മണി മുതൽ 12 മണി വരെ മാനസി കാരോഗ്യ ചികിത്സാ സൗകര്യം | " | " | " |
| 8 | സാംക്രമിക രോഗനിയന്ത്രണ പരിപാടികൾ | " | " | " |
| 9 | എല്ലാ ദിവസവും കുടുംബക്ഷേമ പ്രവർത്തനങ്ങൾക്കുള്ള സൗകര്യം | " | " | " |
| 10 | പൊതുജനാരോഗ്യ പ്രശ്നപരിഹാരത്തി നുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ | " | " | " |
| 11 | വിദ്യാലയ ആരോഗ്യ സേവനങ്ങൾ | " | " | " |
| 12 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഫാമിലി വെൽഫെയർ സെന്ററുകൾ വഴി എല്ലാ ദിവസവും ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ പൊതുജനാരോഗ്യ സേവനങ്ങൾ | " " | " " | " " |
| 13 | മാസത്തിൽ ഒരു ദിവസം ഫാമിലി വെൽ ഫെയർ സെന്ററുകളിൽ വച്ച് ഗർഭിണി കൾക്കും കുട്ടികൾക്കും ഉള്ള പ്രതിരോ ധ കുത്തിവയ്പ് | " | " | " |

## സേവനം ലഭ്യമാകുന്ന ഓഫീസ് പെരുങ്കടവിള മൃഗാശുപത്രി/ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | മറ്റ് നിബന്ധനകൾ | സമയപരിധി | അടയ്ക്കേണ്ട ഫീസ് |
|---|---|---|---|---|---|
| 1 | കൃത്രിമ ബീജസങ്കലനം | വെറ്ററിനറി സർജനെ പ്രവൃത്തി സമയങ്ങളിൽ സമീപിക്കുക | പശു, എരുമ, | 35 രൂപ | അതേദിവസം |
| 2 | കൃത്രിമ ബീജസങ്കലനം (പ്രീമിയം ബുൾ സെമൻ) | " | പശുക്കൾക്ക് മാത്രം | 50 രൂപ | " |
| 3 | പ്രതിരോധ കുത്തിവയ്പ്പ് | " | മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് | ഫീസ് ഇല്ല | " |
| 4 | ആന്റിറാബി സർട്ടിഫിക്കറ്റ് | " | | " | " |
| 5 | കോഴികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് | " | എല്ലാ മാസവും | " | " |
| 6 | രജിസ്ട്രേഷൻ ഫീസ് (പട്ടി, പൂച്ച ഇവയ്ക്കുള്ള) ചികിത്സ | " | പട്ടി, പൂച്ച | 5 രൂപ | " |
| 7 | കന്നുകാലി ഇൻഷ്വറൻസ് (ഹെൽത്ത് ആന്റ് വാലുവേഷൻ സർട്ടിഫിക്കറ്റ്) | " | സങ്കരയിനം ഉരുക്കൾക്ക് (പശുവിന്റെ വിലയുടെ നിശ്ചിത ശതമാനം പ്രീമിയം അടക്കണം | ഇല്ല | " |
| 8 | പോസ്റ്റ്മാർട്ടം സർട്ടിഫിക്കറ്റ് | | | ഇല്ല | " |
| 9 | ലബോറട്ടറി പരിശോധന | | | എല്ലാവർക്കും | ഇല്ല |